# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം 327

28.11.2018-ൽ മറുപടിയ്ക്ക്

## സിദ്ധ ഡിസ്പെൻസറികൾ

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പുതിയ സിദ്ധ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സിദ്ധ ഡോക്ടർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; | (ബി) യും (ഡി) യും | സിദ്ധ യൂണിറ്റ് ഇല്ലാത്ത ജില്ലാ ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റും, ഡോക്ടർമാരുടെ തസ്തികയും സൃഷ്ടിക്കുന്നതിനായുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (സി) | താലൂക്ക് അടിസ്ഥാനത്തിൽ സിദ്ധ ഡിസ്പെൻസറികൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബന്ധപ്പെട്ട എൽ എസ് ജി ഡി സ്ഥാപനത്തിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഡിസ്പെൻസറികൾ തുടങ്ങുന്നത് പരിശോധിക്കുന്നതാണ്. |
| (ഡി) | എല്ലാ ജില്ലാ ആശുപത്രികളിലും സിദ്ധ യൂണിറ്റ് തുടങ്ങുമെന്ന് ബഹു. മന്ത്രി ഉറപ്പ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ